# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**
*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560
***ഫോൺ:*** 0481-2733370

## വാർത്താക്കുറിപ്പ്

**2025 മാർച്ച് 26**

---

- *യു.ജി.സി നിർദേശം സംസ്ഥാനത്ത് ആദ്യമായി നടപ്പാക്കുന്ന സർവകലാശാല*
- *റഗുലർ വിദ്യാർഥികൾക്ക് 40% സ്കോളർഷിപ്പ്*

## എ.ജി. സർവകലാശാലയിൽ റെഗുലർ,ഓൺലൈൻ പ്രോഗ്രാമുകൾ ഒന്നിച്ചു പഠിക്കാം

*റെഗുലർ പ്രോഗ്രാമുകൾക്കൊപ്പം വിദ്യാർഥികൾക്ക് മഹാത്മാ ഗാന്ധി സർവകലാശാലയുടെ യുജിസി അംഗീകൃത ഓൺലൈൻ പ്രോഗ്രാമുകളും ഇനി പഠിക്കാം. ഡ്യുവൽ ഡിഗ്രി സംവിധാനം ഏർപ്പെടുത്തണമെന്ന യു.ജി.സിയുടെ നിർദേശം സംസ്ഥാനത്ത് ആദ്യമായാണ് ഒരു സർവകലാശാലയിൽ നടപ്പാക്കുന്നത്.*

*ഇതു സംബന്ധിച്ച സർവകലാശാലാ അക്കാദമിക് കൗൺസിലിന്റെ തീരുമാനം നടപ്പാക്കാൻ ഇന്നലെ(മാർച്ച് 26) ചേർന്ന സിൻഡിക്കേറ്റ് യോഗം തീരുമാനമെടുത്തു. സംസ്ഥാനത്തെ യുജിസി അംഗീകൃത സർവകലാശാലകളിലും സർവകലാശാലകളുടെ കീഴിലുള്ള കോളജുകളിലും റഗുലർ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർഥികൾക്ക് ഈ അവസരം പ്രയോജനപ്പെടുത്താനാകും.*

*റെഗുലർ പ്രോഗ്രാമുകളിൽ പഠിക്കുന്നവർക്ക് സർവകലാശാലയുടെ ഓൺലൈൻ ബിരുദ, ബിരുദാനന്തര പ്രോഗ്രാമുകളിൽ 40 ശതമാനം സ്കോളർഷിപ്പും ലഭിക്കും. ഭിന്നശേഷിക്കാരായ ഓൺലൈൻ ബിരുദ ബിരുദാനന്തര വിദ്യാർഥികൾക്ക് കൂടുതൽ സ്കോളർഷിപ്പ് ഏർപ്പെടുത്തുന്നത് പരിഗണിക്കും. പട്ടികജാതി, പട്ടിക വർഗ വിഭാഗങ്ങളിൽ പെട്ടവർക്ക് നിലവിൽ 20 ശതമാനം സ്കോളർഷിപ്പു ്.*

*സർവകാലശാലയുടെ സെന്റർ ഫോർ ഡിസ്റ്റൻസ് ആന്റ് ഓൺലൈൻ എജ്യുക്കേഷൻ 2022 ജനുവരിയിലാണ് ഓൺലൈൻ പ്രോഗ്രാമുകൾ ആരംഭിച്ചത്.*

സംസ്ഥാനത്ത് എം.ജി സർവകലാശാല മാത്രമാണ് ഓൺലൈൻ പ്രോഗ്രാമുകൾ നടത്തുന്നത്. എംകോം, എംബിഎ, എംഎ ഇംഗ്ലീഷ്, ബി കോം(ഹോണേഴ്സ്) എന്നിവയാണ് പ്രോഗ്രാമുകൾ.

ജനുവരി 2025 സെഷൻ പ്രവേശനത്തിന്റെ രജിസ്ട്രേഷൻ മാർച്ച് 31ന് അവസാനിക്കും. ഏപ്രിലിൽ ആരംഭിക്കുന്ന ജൂലൈ 2025 സെഷനിൽ ബിബിഎ(ഓണേഴ്സ്), ബി എ പൊളിറ്റിക്കൽ സയൻസ് (ഓണേഴ്സ്), എം എ ഇക്കണോമിക്സ് എന്നീ പ്രോഗ്രാമുകളുമു ്.

കൂടുതൽ വിവരങ്ങൾ 04812731010, 9188918259, 8547852326, 9188918258 എന്നീ നമ്പറുകളിൽ ലഭിക്കും. വെബ് സൈറ്റ് –cdoe.mgu.ac.in

(പി.ആർ.ഒ/39/1431/2025)

## ഡിപ്ലോമ കോഴ്സ്

മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഡിസബിലിറ്റി സ്റ്റഡീസ് (ഐയുസിഡിഎസ്)പാലിയേറ്റീവ് കെയർ, കോതമംഗലം പീസ് വാലിയുമായി ചേർന്ന് ജറിയാട്രിക്ക് റിഹാബിലിറ്റേഷൻ ആന്റ് വെൽനെസ്സ് എന്നീ ഡിപ്ലോമ കോഴ്സുകൾ ആരംഭിക്കുന്നു. പ്രീ ഡിഗ്രി അല്ലെങ്കിൽ പ്ലസ് ടുവാണ് അടിസ്ഥാന യോഗ്യത. പ്രായപരിധിയില്ല.

ഓൺലൈൻ, ഓഫ് ലൈൻ ക്ലാസുകളും പ്രായോഗിക പരിശീലനവും ഉ ാകും. വിശദ വിവരങ്ങൾ 8547165178, 8891391580 എന്നീ ഫോൺ നമ്പരുകളിൽ ലഭിക്കും. ഇമെയിൽ–iucdsmgu@mgu.ac.in

(പി.ആർ.ഒ/39/1426/2025)

## പരീക്ഷാ ഫലം

മൂന്നാം സെമസ്റ്റർ പിജിസിഎസ്എസ് മാസ്റ്റർ ഓഫ് സയൻസ് ഇൻ സൈബർ ഫോറൻസിക്സ്, മാസ്റ്റർ ഓഫ് സയൻസ് ഇൻ ഇലക്ട്രോണിക്സ് (2023 അഡ്മിഷൻ റഗുലർ, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, ഒക്ടോബർ 2024) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഏപ്രിൽ ഒൻപതു വരെ ഓൺലൈനിൽ അപേക്ഷിക്കാം. വിശദ വിവരങ്ങൾ studentportal.mgu.ac.in എന്ന ലിങ്കിൽ.

.......................

മൂന്നാം സെമസ്റ്റർ ബാച്ചിലർ ഓഫ് വോക്കേഷൻ (2023 അഡ്മിഷൻ റഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2018 മുതൽ 2022 വരെ അഡ്മിഷനുകൾ

*റീഅപ്പിയറൻസ്, ഒക്ടോബർ 2024) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യ നിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഏപ്രിൽ ഒൻപതു വരെ ഓൺലൈനിൽ അപേക്ഷിക്കാം.*

*(പി.ആർ.ഒ/39/1427/2025)*

## പ്രാക്ടിക്കൽ

*ആറാം സെമസ്റ്റർ ബിഎസ്സി ഇൻഫർമേഷൻ ടെക്നോളജി–മോഡൽ 3 സിബിസിഎസ് (പുതിയ സ്കീം 2022 അഡ്മിഷൻ റഗുലർ, 2018 മുതൽ 2021 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ്, 2017 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ് മാർച്ച് 2025) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ഏപ്രിൽ 22 മുതൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.*

*....................*

*ആറാം സെമസ്റ്റർ ബിഎ അനിമേഷൻ ആന്റ് ഗ്രാഫിക്ക് ഡിസൈൻ, ബി.എ വിഷ്വൽ ആർട്സ്, ബിഎ അനിമേഷൻ ആന്റ് വിഷ്വൽ ഇഫ്ക്ടസ് (സി.ബി.സി.എസ് പുതിയ സ്കീം 2022 അഡ്മിഷൻ റെഗുലർ, 2018 മുതൽ 2021 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ്, 2017 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ് മാർച്ച് 2025) പരീക്ഷയുടെ പ്രാക്ടിക്കൽ പ്രൊജക്ട് പരീക്ഷകൾ ഏപ്രിൽ നാലിന് ആരംഭിക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.*

*(പി.ആർ.ഒ/39/1428/2025)*

## അഡിഷണൽ ഇലക്ടീവ്

*ബികോം അഡിഷണൽ ഇലക്ടീവ് കോഴ്സിന് 2024ൽ അപേക്ഷ സമർപ്പിച്ച് പ്രൈവറ്റ് രജിസ്ട്രേഷൻ പൂർത്തീകരിച്ച റഗുലർ വിദ്യാർഥികളുടെയും 2019 മുതൽ 2022 വരെ അഡ്മിഷൻ നേടിയ സപ്ലിമെന്ററി വിദ്യാർഥികളുടെയും അഡിഷണൽ ഇലക്ടീവ് കോ–ഓപ്പറേഷൻ പരീക്ഷകൾ ഏപ്രിൽ ഒൻപത്, 21 തീയതികളിൽ ആറാം സെമസ്റ്റർ ബികോം പ്രൈവറ്റ്, നാലാം സെമസ്റ്റർ ബികോം പ്രൈവറ്റ് (മാർച്ച് 2025) പരീക്ഷകളോടൊപ്പം നടത്തും. വിദ്യാർത്ഥികൾ മെയിൻ പരീക്ഷ സെന്ററിൽ നിന്ന് ഹാൾടിക്കറ്റ് വാങ്ങി അനുവദിച്ചിട്ടുള്ള കേന്ദ്രത്തിൽ പരീക്ഷ എഴുതണം.*

*(പി.ആർ.ഒ/39/1429/2025)*

## സമയപരിധി നീട്ടി

*ഒന്നാം സെമസ്റ്റർ ത്രിവത്സര യൂണിറ്ററി എൽ.എൽ.ബി (2024 അഡ്മിഷൻ റഗുലർ, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി, 2018 അഡ്മിഷൻ ആദ്യ*

*മെഴ്സി ചാൻസ്), ത്രിവത്സര എൽ.എൽ.ബി (2017 അഡ്മിഷൻ ര ാം മെഴ്സി ചാൻസ്, 2015, 2016 അഡ്മിഷനുകൾ അവസാന മെഴ്സി ചാൻസ്-അഫിലിയേറ്റഡ് കോളേജുകൾ) പരീക്ഷകൾക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയപരിധി നീട്ടി. ഫൈൻ ഇല്ലാതെ മാർച്ച് 27 വരെയും ഫൈനോടുകൂടി മാർച്ച് 28 വരെയും സൂപ്പർ ഫൈനോടുകൂടി മാർച്ച് 29 വരെയും അപേക്ഷിക്കാം.*

....................

*മൂന്നാം സെമസ്റ്റർ ത്രിവത്സര യുണിറ്ററി എൽ.എൽ.ബി (2023 അഡ്മിഷൻ റഗുലർ, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി, 2018 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്), ത്രിവത്സര എൽ.എൽ.ബി (2017 അഡ്മിഷൻ ര ാം മെഴ്സി ചാൻസ്, 2015, 2016 അഡ്മിഷനുകൾ അവസാന മെഴ്സി ചാൻസ്-അഫിലിയേറ്റഡ് കോളേജുകൾ) പരീക്ഷകൾക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയപരിധി നീട്ടി. ഫൈൻ ഇല്ലാതെ മാർച്ച് 27 വരെയും ഫൈനോടുകൂടി മാർച്ച് 28 വരെയും സൂപ്പർ ഫൈനോടുകൂടി മാർച്ച് 29 വരെയും അപേക്ഷിക്കാം.*

*(പി.ആർ.ഒ/39/1430/2025)*

**പബ്ലിക് റിലേഷൻസ് ഓഫീസർ**